**Series : WXYZ/S**

**SET ~ 4**

Roll No. | | | | | | | | |

**Q.P. Code** **70/S**

Candidates must write the Q.P. Code on the title page of the answer-book.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* *ആകെ മാർക്ക് : 80*

*Time allowed : 3 hours* *Maximum Marks : 80*

| നിർദേശങ്ങൾ / NOTE | # |
|---|---|
| (I) | ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.<br>Please check that this question paper contains **15** printed pages. |
| (II) | പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.<br>Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate. |
| (III) | ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.<br>Please check that this question paper contains **9** questions. |
| (IV) | **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ തന്നിട്ടുള്ള ഇടങ്ങളിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**<br>**Please write down the Serial Number of the question in the answer-book at the given place before attempting it.** |
| (V) | ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.<br>15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the candidates will read the question paper only and will not write any answer on the answer-book during this period. |

**General Instructions :**

(i) *This question paper is divided into **three** sections.*

(ii) *It has total **9** questions.*

(iii) ***Section A :** 3 questions no. 1 to 3.*

(iv) ***Section B :** 3 questions no. 4 to 6.*

(v) ***Section C :** 3 questions no. 7 to 9.*

*Attempt questions as per specific instructions.*

*Write question no. in answer book before attempting it.*

**പൊതു നിർദ്ദേശങ്ങൾ :**

(i) *ചോദ്യപേപ്പർ **3** വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.*

(ii) *ചോദ്യപേപ്പറിൽ ആകെ **9** ചോദ്യങ്ങൾ ഉണ്ട്.*

(iii) ***എ** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 1 മുതൽ 3 വരെ.*

(iv) ***ബി** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 4 മുതൽ 6 വരെ.*

(v) ***സി** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 7 മുതൽ 9 വരെ.*

*തന്നിരിക്കുന്ന നിർദ്ദേശംങ്ങൾ അനുസരിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.*

*ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.*

## എ വിഭാഗം / SECTION A

**1.** ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങളുടെ ശരിയുത്തരം എടുത്തെഴുതുക : *5×1=5*

(i) ഉപമാനം മറ്റൊരു പേരിലും അറിയപ്പെടുന്നു. ഏതാണത് ?

(A) വർണ്യം

(B) വർണം

(C) അവർണ്യം

(D) അവർണം

(ii) ധർമ്മത്തിന് പ്രാധാന്യം ഉള്ള ഉൽപ്രേക്ഷ വിഭാഗം ഏത് ?

(A) ധർമ്മ്യുൽപ്രേക്ഷ

(B) ധർമ്മോൽപ്രേക്ഷ

(C) കർമ്മോൽപ്രേക്ഷ

(D) വർണോൽപ്രേക്ഷ

(iii) "ക്ലിഷ്ടയാം സാധ്വിയെ കണ്ടു സഹിക്കാഞ്ഞോ പട്ടണമൊക്കെയും കണ്ണടച്ചു" - ഈ വരികളിലെ അലങ്കാരം ഏത് ?

(A) ധർമ്മോൽപ്രേക്ഷ

(B) ഫലോൽപ്രേക്ഷ

(C) ഹേതുൽപ്രേക്ഷ

(D) ഗമ്യോൽപ്രേക്ഷ

(iv) വസ്തുൽപ്രേക്ഷ എന്നറിയപ്പെടുന്ന ഉൽപ്രേക്ഷാ വിഭാഗം ഏത് ?

(A) ധർമ്മ്യുൽപ്രേക്ഷ

(B) ധർമ്മോൽപ്രേക്ഷ

(C) ഫലോൽപ്രേക്ഷ

(D) ഹേതുൽപ്രേക്ഷ

(v) സഹൃദയൻമാരുടെ ഹൃദയത്തിന് ആഹ്ലാദം ജനിപ്പിക്കുന്ന കവിതാധർമ്മം ഏത് ?

(A) ഉപമാനം

(B) ചമത്കാരം

(C) ഉപമേയം

(D) ഛന്ദസ്സ്

(vi) 'ഭാഷാഭൂഷണം' എഴുതിയത് ആര് ?

(A) കേരളവർമ്മവലിയകോയിത്തമ്പുരാൻ

(B) എ. ആർ രാജരാജവർമ്മ

(C) എം. ഗോദവർമ്മ

(D) രാജേന്ദ്രവർമ്മ

(vii) ഏത് അലങ്കാര വിഭാഗത്തിൽപ്പെടുന്നതാണ് ഉൽപ്രേക്ഷ ?

(A) സാമ്യോക്തി

(B) വാസ്തവോക്തി

(C) അതിശയോക്തി

(D) ശ്ലേഷോക്തി

**2.** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ശരിയുത്തരം എടുത്ത് എഴുതുക. ഓരോന്നിനും 2 ഉപചോദ്യങ്ങൾ വിതമുണ്ട്. *5×2=10*

(a) (i) 'നിലനിൽപ്പീയം' എന്ന കൃതിയുടെ കർത്താവാര് ?

(A) ഗ്രേസി

(B) വി.കെ. എൻ

(C) വി. കെ. ആദർശ്

(D) കുഞ്ചൻ നമ്പ്യാർ

(ii) ഇദ്ദേഹത്തിന്റെ കൃതികൾ ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു ?

(A) ദാർശനികസാഹിത്യം

(B) ഹാസസാഹിത്യം

(C) ഭക്തി സാഹിത്യം

(D) റൊമാന്റിക് സാഹിത്യം

(b) (i) കുഞ്ചൻ നമ്പ്യാരുടെ കാവ്യഭാഷയുമായി ബന്ധപ്പെടാത്ത ഘടകം ഏതാണ് ?

(A) താളം

(B) പദപ്രയോഗം

(C) പ്രാസം

(D) റൊമാന്റിസിസം

(ii) താഴെ കൊടുത്തിരിക്കുന്നതിൽ തുള്ളൽ കൃതികളിൽ ഉൾപ്പെടാത്തത് ഏത് ?

(A) കല്യാണ സൗഗന്ധികം

(B) സ്യമന്തകം

(C) കിരാതം

(D) ജ്ഞാനപ്പാന

(c) (i) "വെളിച്ചമേ ചെന്ന് തിരഞ്ഞോരോന്നേ കളിച്ചവൻ ചൊന്നതു കേട്ടു പോന്നു" – കേട്ടുപോന്നത് ആരാണ് ?

(A) ശീലാവതി

(B) കേശിനി

(C) ദമയന്തി

(D) ശകുന്തള

(ii) 'കളിച്ചവൻ' എന്ന് സൂചിപ്പിച്ചത് ആരെയാണ് ?

(A) ബാഹുകൻ

(B) നളൻ

(C) ദുഷ്യന്തൻ

(D) ഋതുപർണ്ണൻ

(d) (i) 'കിരാതവൃത്തം' എന്ന കവിതയെ സൗന്ദര്യാത്മകമാക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്ന ഘടകം എന്താണ് ?

(A) ചടുല ചലനം

(B) രൗദ്രഭാവം

(C) ദൃശ്യബിംബങ്ങൾ

(D) കൊട്ടുംപാട്ടും

(ii) ഏത് കലാരൂപത്തിന്റെ അടിത്തറയിൽ കെട്ടിയുയർത്തിയ കാവ്യശില്പമാണ് 'കിരാതവൃത്തം' ?

(A) തുള്ളൽ

(B) സിംഫണി

(C) കൂത്ത്

(D) പടയണി

(e) (i) "ചേതസി വിചാരിക്ക ഭൂപതി തിലകമേ" – ആരെയാണ് 'ഭൂപതിതിലകം' എന്ന് വിശേഷിപ്പിക്കുന്നത് ?

(A) നളനെ

(B) ദുഷ്യന്തനെ

(C) ഋതുപർണ്ണനെ

(D) ഉഗ്രതപസ്സിനെ

(ii) ഇപ്രകാരം പറയുന്നത് ആരാണ് ?

(A) ശകുന്തള

(B) ദമയന്തി

(C) കേശിനി

(D) ശീലാവതി

(f) (i) പടയണി ആചരിച്ചുവരാറുള്ളത് എവിടെയാണ് ?

(A) ഗണപതിക്ഷേത്രങ്ങളിൽ

(B) ഭഗവതിക്കാവുകളിൽ

(C) അയ്യപ്പൻ കാവുകളിൽ

(D) സർപ്പക്കാവുകളിൽ

(ii) 'അലറീ കാട്ടാളൻ' – എന്തിനാണ് അലറിയത് ?

(A) മഴനീരു കുടിക്കാൻ

(B) മുത്തങ്ങാപ്പുല്ലുപറിക്കാൻ

(C) അലകടലിൽ കുതിച്ചുചാടാൻ

(D) അലകടലിൻ വേരുപറിക്കാൻ

**3.** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങളുടെ ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും രണ്ട് ഉപചോദ്യങ്ങൾ വീതമുണ്ട്) *5×2=10*

(a) (i) പെൺ ഗൗളിയുടെ കണ്ണുകൾ നനഞ്ഞത് എപ്പോൾ ?

(A) ആത്മനിന്ദയോടെ തലതല്ലിയപ്പോൾ

(B) സന്ദർശകയുടെ കാരുണ്യമില്ലാത്ത പ്രവൃത്തി കണ്ടപ്പോൾ

(C) ചെറുപ്പക്കാരൻ മരിക്കുകയാണെന്നറിഞ്ഞപ്പോൾ

(D) ചെറുപ്പക്കാരി ഉദരത്തിലുള്ള കുഞ്ഞിനെ കൊല്ലുമെന്ന് തോന്നിയപ്പോൾ

(ii) 'ഗൗളിജന്മം' എന്ന കഥയിൽ പരാമർശിക്കപ്പെടുന്ന കഥാകാരൻ ആര് ?

(A) പി. പത്മരാജൻ

(B) പൊൻകുന്നം വർക്കി

(C) ഗ്രേസി

(D) കിശോരിലാൽ

(b) (i) "എന്നിട്ടും അയാൾ ശ്രമം ഉപേക്ഷിച്ചില്ല" – ആരാണ് ശ്രമിച്ചത് ?

(A) ദിവാകരൻ

(B) ഡോക്ടർ

(C) ചെറുപ്പക്കാരൻ

(D) വഴിയാത്രക്കാരൻ

(ii) എന്തിനു വേണ്ടിയാണ് അയാൾ ശ്രമിച്ചത് ?

(A) ജീവൻ രക്ഷിക്കാൻ

(B) അവസാനത്തെ ശ്വാസത്തിന്

(C) ചിത്രങ്ങൾ കിട്ടാൻ

(D) ആരോഗ്യം വീണ്ടെടുക്കാൻ

(c) (i) "എന്നാൽ അവ കൊണ്ടുവരുന്ന പരശ്ശതം കാര്യങ്ങളോട് എങ്ങനെ പിണങ്ങി നിൽക്കാനാകും ?" – ഇവിടെ 'അവ' എന്ന് ഉദ്ദേശിക്കുന്നത് എന്താണ് ?

(A) സാമൂഹിക മാധ്യമങ്ങൾ

(B) മൊബൈൽ ഇന്റർനെറ്റ്

(C) സ്മാർട്ട് ഫോണുകൾ

(D) വിക്കിപീഡിയ

(ii) താഴെ പറയുന്നവയിൽ വി.കെ. ആദർശുമായി ബന്ധപ്പെടാത്തത് ഏത് ?

(A) ശാസ്ത്രസാങ്കേതികവിദ്യ

(B) ശാസ്ത്രപത്രപ്രവർത്തനം

(C) വിവരസാങ്കേതിക വിദ്യ

(D) ശാസ്ത്രസാഹിത്യപുരസ്കാരം

(d) (i) എന്തിനെ അതിജീവിച്ച് ആവശ്യമുള്ള ചിത്രങ്ങൾ തന്നെ കൈക്കലാക്കുമെന്നാണ് അയാൾ പ്രതിജ്ഞയെടുത്തത് ?

(A) തന്നെ അമ്പരപ്പിച്ച ആയിരക്കണക്കിന് ചിത്രങ്ങളെ

(B) അസംഖ്യം ചിത്രങ്ങളുടെ നിരയെ

(C) തന്റെ പരിഭ്രമവും തളർച്ചയും

(D) പ്രകാശത്തിന്റെ കബളിപ്പിക്കൽ

(ii) താഴെ പറയുന്നവയിൽ പത്മരാജനുമായി ബന്ധപ്പെട്ട പ്രസ്താവന ഏത് ?

(A) മലയാള കഥയിൽ ആധുനികതയുടെ വരവറിയിച്ചവരിൽ പ്രധാനി

(B) അടിച്ചമർത്തപ്പെട്ടവരുടെ ഉയിർത്തെഴുന്നേൽപ്പ് ചിത്രീകരിച്ചു

(C) സ്ത്രീജീവിതത്തിന്റെ വൈവിധ്യങ്ങൾ കഥകളിൽ ആവിഷ്കരിച്ചു

(D) ഫലിതപരിഹാസങ്ങളുടെ ചാട്ടവാറുകൊണ്ട് സാമൂഹ്യ വിമർശനം

(e) (i) ഇരുത്തം വന്ന ഭാഷ, പല തട്ടിലുള്ള എഡിറ്റിങ്ങ് എന്നിവ ഏത് മാധ്യമങ്ങളുടെ രിതിയാണ് ?

(A) സാമ്പ്രദായിക മാധ്യമങ്ങൾ

(B) സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ

(C) ദൃശ്യമാധ്യമങ്ങൾ

(D) പത്രമാധ്യമങ്ങൾ

(ii) ഒത്തൊരുമിച്ചാൽ മാറ്റം സാധ്യമാകുമെന്നുള്ള ബോധ്യം പ്രാവർത്തികമാക്കുന്നത് എന്തിലൂടെയാണ് ?

(A) പത്രത്തിലൂടെ

(B) ഓൺലൈൻ മലയാളത്തിലൂടെ

(C) ഡിജിറ്റൽ ശൃംഖലയിലൂടെ

(D) പരമ്പരാഗതമാധ്യമങ്ങളിലൂടെ

(f) (i) യുവതിയിൽ പ്രതികരണമൊന്നുമില്ലെന്നുകണ്ട് ഊറിവരുന്ന നൈരാശ്യം അമർത്തിയത് ആരാണ് ?

(A) ആൺ ഗൗളി

(B) പെൺ ഗൗളി

(C) നഴ്സ്

(D) സന്ദർശക

(ii) പ്രതികരണമില്ലാതിരിക്കുന്ന യുവതിയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത് ?

(A) പ്രതിമ

(B) ചലച്ചിത്രം

(C) ചിത്രത്തിലെഴുതിയത്

(D) കൽപ്രതിമ

## ബി വിഭാഗം / SECTION B

**4.** ഖണ്ഡിക വായിച്ച് ചുവടെയുള്ള ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് മാത്രം ഉത്തരങ്ങൾ. എഴുതുക (ഓരോന്നിനും ഒരുമാർക്ക് വീതം) *10 ×1=10*

മലയാള കവിതയിൽ കാല്പനിക വസന്തത്തിന് തിരികൊളുത്തിയ കവിയും സമുദായ പ്രവർത്തകനും പത്രാധിപരുമായിരുന്നു കുമാരനാശാൻ. തിരുവനന്തപുരം ജില്ലയിൽ ചിറയിൻ കീഴിനടുത്ത് കായിക്കരയിൽ 1873 ഏപ്രിൽ 12ന് ആയിരുന്നു ആശാന്റെ ജനനം. പരവൂർ കേശവനാശാൻ പ്രസിദ്ധീ കരിച്ചിരുന്ന 'സുജനാനന്ദിനി'യിൽ കവിതകൾ എഴുതിക്കൊണ്ടായിരുന്നു ആശാന്റെ കാവ്യലോകത്തിലേക്കുള്ള പ്രവേശനം. ഒരിക്കൽ അസുഖബാധിതനായി കഴിഞ്ഞ കുമാരുവിനെ ശ്രീനാരായണ ഗുരു സന്ദർശിച്ചു. ആ സമാഗമം വഴിത്തിരിവായി. വക്കം സുബ്രഹ്മണ്യ ക്ഷേത്രത്തിലെ ആശ്രിതനായി കഴിഞ്ഞ കുമാരു ക്ഷേത്രപരിസരത്ത് ഒരു സംസ്കൃത പാഠശാല ആരംഭിച്ചു. അങ്ങനെ കുമാരു കുമാരനാശാനായി. 1907 ഡിസംബറിൽ മുർക്കോത്ത് കുമാരന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽനിന്ന് പ്രസിദ്ധികരിച്ചിരുന്ന 'മിതവാദി'യിൽ കുമാരനാശാന്റെ 'വീണപൂവ് ' പ്രസിദ്ധീകൃതമായി. മലയാള കാവ്യാന്തരീക്ഷത്തിൽ തികച്ചും നൂതനമായ ഒരു അനുഭവമായി മാറി ആ ഖണ്ഡകാവ്യം. ക്ഷേത്ര പ്രതിഷ്ഠകളുമായി ബന്ധപ്പെട്ട് ശ്രീനാരായണഗുരുവിനോടൊപ്പം പാലക്കാട്ട് താമസിക്കവേ ജൈനമേട്ടിൽവെച്ചാണ് ആശാൻ 41 ശ്ലോകങ്ങൾ മാത്രമുള്ള 'വീണപൂവ് ' രചിച്ചത്. ഒരു പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള അതി സൂക്ഷ്മമായ ഘട്ടങ്ങൾ, മനുഷ്യജീവിതത്തിന്റെ നൈമിഷികതകളെ ഓർമിപ്പിച്ചുകൊണ്ട് രചിച്ച ഈ കാവ്യം അദ്ദേഹത്തെ മലയാളകവിതയിൽ ചിരപ്രതിഷ്ഠനാക്കി. തുടർന്ന് ഗംഭീരവും ഗഹനവുമായ കാവ്യശില്പങ്ങൾ ആ തൂലികയിൽനിന്ന് പ്രവഹിച്ചു. ഒരു സിംഹപ്രസവം, നളിനി അഥവാ ഒരു സ്നേഹം, ലീല, ബാലരാമായണം, ശ്രീബുദ്ധചരിതം, പ്രരോദനം,

ചിന്താവിഷ്ടയായ സീത, പുഷ്പവാടി, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ തുടങ്ങിയ കൃതികൾ രചിച്ചു. 1922-ൽ വെയിൽസ് രാജകുമാരൻ മദ്രാസ് സർവകലാശാലയിൽ നടന്ന ചടങ്ങിൽവെച്ച് ആശാന് പട്ടുംവളയും സമ്മാനിച്ചു. 'നവോത്ഥാനത്തിന്റെ കവി' എന്നാണ് തായാട്ട് ശങ്കരൻ കുമാരനാശാനെ വിശേഷിപ്പിച്ചിട്ടുള്ളത്. സ്നേഹം, കരുണ, സൗഹാർദം തുടങ്ങിയ ഭാവങ്ങളാണ് ആശാന്റെ കാവ്യങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. 1924 ജനവരി 16ന് തോട്ടപ്പള്ളിക്ക് സമീപം പല്ലനയാറ്റിലുണ്ടായ ബോട്ടപകടത്തിൽ അദ്ദേഹം അന്തരിച്ചു.

**ചോദ്യങ്ങൾ :**

(i) "മനുഷ്യജീവിതത്തിന്റെ നൈമിഷികതകളെ ഓർമ്മിപ്പിച്ചു കൊണ്ട് രചിച്ച ഈ കാവ്യം അദ്ദേഹത്തെ മലയാളകവിതയിൽ ചിരപ്രതിഷ്ഠനാക്കി" – ഏത് കാവ്യം ?

(ii) വീണപൂവ് എന്നാണ് പ്രസിദ്ധീകൃതമായത് ?

(iii) കുമാരനാശാന് പട്ടും വളയും സമ്മാനിച്ചത് ആര് ?

(iv) ആശാന്റെ കാവ്യരംഗത്തേക്കുള്ള പ്രവേശനം എപ്രകാരമായിരുന്നു ?

(v) ഏത് പ്രസിദ്ധീകരണത്തിൽ ആണ് വീണപൂവ് പ്രസിദ്ധീകൃതമായത് ?

(vi) കുമാരു കുമാരനാശാനായതെങ്ങനെ ?

(vii) വീണപൂവിൽ എത്ര ശ്ലോകങ്ങളാണുള്ളത് ?

(viii) തായാട്ട് ശങ്കരൻ കുമാരനാശാനെ വിശേഷിപ്പിച്ചത് എപ്രകാരം ?

(ix) 'ആ സമാഗമം വഴിത്തിരിവായി' ഏത് സമാഗമം ?

(x) ആശാൻ കവിതകളിൽ നിറഞ്ഞ് നിൽക്കുന്ന ഭാവങ്ങൾ എന്തെല്ലാം ?

(xi) വീണപൂവിന്ശേഷം ആശാന്റെ തൂലികയിൽ നിന്നും പിറവികൊണ്ട കവിതകൾ ഏതെല്ലാം ?

(xii) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം തയ്യാറാക്കുക.

**5.** ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. *5×3=15*

(i) 'സുന്ദരി ശകുന്തള പിന്നെയുമുരചെയ്താൾ' – ഉരചെയ്തത് എന്തെല്ലാമെന്ന് സംഗ്രഹിക്കുക ?

(ii) ''നളനില്ലൊരപരാധംപോൽ''കേശിനി ഇപ്രകാരം പറയുവാനുണ്ടായ കാരണങ്ങൾ വിശദമാക്കുക.

(iii) ഭർത്താവിൽനിന്ന് താനനുഭവിച്ച പീഡകൾക്കെല്ലാം ജാതകദോഷമാണെന്ന് കരുതി സമാധാനിക്കുന്ന ശീലാവതിയുടെ നിലപാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിശദമാക്കുക ?

(iv) 'പരിസ്ഥിതിയെ തകർത്തും പാർശ്വവൽകൃതരെ അവഗണിച്ചും നടപ്പിലാക്കപ്പെടുന്ന വികസനം ശരിയായ വികസനമല്ല' – എന്ന സന്ദേശമാണ് 'കിരാതവൃത്തം' നൽകുന്നത് ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കിരാതവൃത്തം എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

(v) 'കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം' – ശീലാവതിയെക്കൊണ്ട് ഇപ്രകാരം പറയിക്കാനിടയാക്കിയ സാഹചര്യങ്ങൾ വിശകലനം ചെയ്യുക ?

(vi) 'കളമെഴുതിപ്പാടിയ രാവു'കളിൽനിന്നും 'തളിരെല്ലുകൾ കരിയും മണം' നിറയുന്ന വനത്തിലേക്കുള്ള പരിണാമം എപ്രകാരമാണ് കവി വർണ്ണിക്കുന്നതെന്ന് 'കിരാതവൃത്ത'ത്തെ അടിസ്ഥാനമാക്കി വിവരിക്കുക ?

**6.** ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങളുടെ ഉത്തരം മാത്രം എഴുതുക. *5×3=15*

(i) 'ഫിഫ്ത്ത് എസ്റ്റേറ്റ് ' എന്ന വിളിപ്പേര് സാമൂഹിക മാധ്യമങ്ങൾക്ക് ലഭിക്കാൻ കാരണം എന്ത് ?

(ii) 'ആൺഗൗളിയുടെ നിഴലിൽനിന്ന് സ്വതന്ത്രവ്യക്തിത്വത്തിലേക്കുള്ള പെൺഗൗളിയുടെ വളർച്ചയാണ് 'ഗൗളിജന്മം' എന്ന കഥയിൽ കാണുന്നത്' – ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക ?

(iii) ചിത്രങ്ങൾ തിരയുന്നതിനിടയിൽ, കഥാകൃത്ത് തന്റെ ദൃശ്യഭാഷയിലൂടെ, ദിവാകരൻ അനുഭവിക്കുന്ന ധർമ്മസങ്കടം മനോഹരമായി ആവിഷ്കരിക്കുന്നതെങ്ങനെയെന്ന് നിരൂപണം എഴുതുക ?

(iv) ആഖ്യാനത്തിൽ മിന്നിമറയുന്ന ഹാസ്യത്തിൽ ദാർശനിക വൈകാരികതയുടെ ഭാരം അലിഞ്ഞില്ലാതാവുന്നതെങ്ങനെയെന്ന് 'ഗൗളിജന്മ' ത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക ?

(v) വിപണനതന്ത്രത്തിന്റെ വിവിധതലങ്ങൾ 'അവകാശങ്ങളുടെ പ്രശ്നം' എന്ന ചാഠഭാഗത്ത് എപ്രകാരം ദൃശ്യമാകുന്നുവെന്ന് വിവരിക്കുക ?

(vi) സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ നമുക്ക് ഒരുക്കിത്തരുന്ന അപരിമിതമായ അവസരങ്ങൾ എന്തെല്ലാമെന്ന് വിചിന്തനം ചെയ്യുക ?

## സി വിഭാഗം / SECTION C

**7.** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. *1×5=5*

(a) ഇന്നത്തെ വിദ്യാർത്ഥികൾ തങ്ങളുടെ ജീവിതത്തിൽ പകർത്തേണ്ട ഗുണങ്ങളെയും പാലിക്കേണ്ട അച്ചടക്കത്തേയും ഓർമ്മിപ്പിക്കുന്നു എം.ടി. യുടെ വിദ്യാർത്ഥി ജീവിതം. – 'അമ്മയ്ക്ക്' എന്ന കൃതിയെ അടിസ്ഥാനമാക്കി സമർത്ഥിക്കുക ?

**OR (അല്ലെങ്കിൽ)**

(b) ഒരു കാലഘട്ടത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ ചരിത്രംതന്നെയാണ് എം.ടി. യുടെ 'അമ്മയ്ക്ക്' എന്ന ഗ്രന്ഥത്തിലൂടെ അനാവൃതമാകുന്നത്' – ഈ അഭിപ്രായം വിലയിരുത്തുക.

**8.** ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. *1×5=5*

(a) 'മാതൃഭാഷാപഠനത്തിന്റെ ആവശ്യകത'

**OR (അല്ലെങ്കിൽ)**

(b) ഫാസ്റ്റ്ഫുഡ് സംസ്കാരവും ആരോഗ്യപ്രശ്നങ്ങളും

**9.** യാത്രയ്ക്ക് തടസ്സം ഉണ്ടാക്കുന്നവിധം റോഡരികുകളിൽ 'ഫ്ളെക്സുകൾ' നിറയുന്നത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും, ഇതുമൂലം വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും ഇല്ലാതാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഗതാഗതവകുപ്പ് മന്ത്രിയ്ക്ക് ഒരു കത്ത് തയ്യാറാക്കുക. *1×5=5*